"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.തസ്വഭവ-ഡിബി1/286/2017-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 04/07/2019

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് കരാർ റദ്ദ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. 25/05/2017ലെ 92/ഡിബി1/17/തസ്വഭവ നമ്പർ സർക്കുലർ.
2. ശ്രീ. എം. നൗഷാദ് എം.എൽ.എയുടെ 08/08/2017ലെ 10/MN/LSGD/17 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 17.01.2018ലെ ജെ2-19656/17 നമ്പർ കത്ത്.
4. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 04.01.2019ലെ DC4-27776/2018 നമ്പർ കത്ത്

**********************

ഇഎംഎസ് ഭവന പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ ഇതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി, ഇക്കാര്യത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പ്രത്യേകമായി അന്വേഷിച്ച്, ബന്ധപ്പെട്ട രേഖകൾപരിശോധിച്ച്, കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടച്ചുവെന്ന് ഉറപ്പുവരുത്തിയശേഷം അപേക്ഷകന്റെ പേരിലുള്ള കരാർ റദ്ദുചെയ്ത് നൽകുന്നതിനുള്ള അനുവാദം നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

കരാർ റദ്ദു ചെയ്യുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട സൂചന(1) സർക്കുലറിലെ 'അപേക്ഷകൻ വീട് വിറ്റതിനുശേഷവും ഭവനരഹിതനാകുന്നില്ല എന്ന് അപേക്ഷകൻ സമർപ്പിക്കുന്ന രേഖയിന്മേലുള്ള നിജസ്ഥിതി ഉറപ്പുവരുത്തിക്കൊണ്ടുള്ള ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ

സ്ഥാപനത്തിൽ നിന്നുമുള്ള റിപ്പോർട്ട് എന്ന മൂന്നാമത്തെ വ്യവസ്ഥ മൂലം ഗുണഭോക്താക്കൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാകുന്നുവെന്നും മേൽ വ്യവസ്ഥ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും സൂചന 2ലെ കത്ത് പ്രകാരം ശ്രീ. എം.നൗഷാദ് എംഎൽഎ അഭ്യർത്ഥിച്ചിരുന്നു.

മേൽ വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെയും നഗരകാര്യ വകുപ്പ് ഡയറക്ടറുടേയും സൂചന 3,4 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന 1ലെ സർക്കുലറിലെ മൂന്നാമത്തെ വ്യവസ്ഥ " **അപേക്ഷകൻ വീട് വിറ്റതിന് ശേഷവും ഭവനരഹിതനാകുന്നില്ല എന്ന് അപേക്ഷകൻ സമർപ്പിക്കുന്ന സത്യവാങ്മൂലം** " . എന്ന് ഭേദഗതി ചെയ്യുന്നു.

ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫന്
**ജോയിന്റ് സെക്രട്ടറി**

സെക്ഷൻ ഓഫീസർ.

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.